LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ നിക്ഷേപം

90 (4672) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ മിച്ച ഫണ്ട് നിക്ഷേപിക്കാത്തതിന്റെ മാനദണ്ഡമെന്താണ്; വിശദമാക്കാമോ ;

(ബി) പഞ്ചാബ് നാഷണൽ ബാങ്കിൽ എത്രകോടി രൂപ നിക്ഷേപിച്ചിട്ടുണ്ട് അതിന്റെ പലിശനിരക്ക് എത്രയാണ് ;

(സി) പഞ്ചാബ് നാഷണൽ ബാങ്കിൽ മിച്ച ഫണ്ട് നിക്ഷേപിച്ച ദിവസം തന്നെ മറ്റു ബാങ്കുകളിൽ മിച്ച ഫണ്ട് നിക്ഷേപിച്ചിട്ടുണ്ടോ ; പലിശനിരക്ക് എത്രയാണ് ; വിശദാംശം നൽകാമോ ;

(ഡി) നിക്ഷേപം നടത്തുമ്പോൾ ഉയർന്ന പലിശനിരക്ക് വാഗ്ദാനം ചെയ്യുന്ന ബാങ്കുകളെ ഒ നാഷണൽ ബാങ്കിൽ പണം നിക്ഷേപിച്ചത് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ; ബാങ്കിനുണ്ടായ നഷ്ടം ഉത്തരവാദികളിൽനിന്നും ഈടാക്കുമോ ; വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ബാങ്കിന്റെ ഇൻവെസ്റ്റ്മെന്റ് പോളിസിയും നബാർഡിന്റെ നിർദ്ദേശവുമനുസരിച്ചാണ് മിച്ച ഫണ്ട് നിക്ഷേപിക്കുന്നത്.

(ബി) പഞ്ചാബ് നാഷണൽ ബാങ്കിൽ 30-3-2015-ൽ 10 കോടി രൂപയും 31-3-2015-ൽ 20 കോടി രൂപയും നിക്ഷേപിച്ചിട്ടുണ്ട്. ആയതിന്റെ പലിശ നിരക്ക് 8.75% ആണ്. (കുമുലേറ്റീവ് നിരക്കിൽ)

(സി) 30-3-2015-ൽ പഞ്ചാബ് നാഷണൽ ബാങ്കിൽ 10 കോടി രൂപ 8.75% പലിശ നിരക്കിൽ ഒരു വർഷത്തേയ്ക്കും, ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ 50 കോടി രൂപ 10.65% നിരക്കിൽ ഒരു വർഷത്തേയ്ക്കും നിക്ഷേപിച്ചിട്ടുണ്ട്.

31-7-2015-ൽ പഞ്ചാബ് നാഷണൽ ബാങ്കിൽ 20 കോടി രൂപ 8.75% നിരക്കിൽ ഒരു വർഷത്തേക്കും, ഇൻഡ്യൻ ഓവർസീസ് ബാങ്കിൽ 10 കോടി രൂപ 8.75% നിരക്കിൽ ഒരു വർഷത്തേക്കും ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ 20 കോടി രൂപ 10.5% നിരക്കിൽ ഒരു വർഷത്തേക്കും ഫെഡറൽ ബാങ്കിൽ 20 കോടി രൂപ 8.55% നിരക്കിൽ 122 ദിവസത്തേക്കും നിക്ഷേപിച്ചിട്ടുണ്ട്.

(ഡി) ടി നിക്ഷേപം നടത്തുന്നതിനുമുമ്പായി വിവിധ ബാങ്കുകളുടെ പലിശ നിരക്ക് അന്വേഷിക്കുകയും ആയതിൽ കൂടിയ പലിശ നിരക്ക് തരുന്ന ബാങ്കുകളിൽ നിക്ഷേപം നടത്തുകയുമാണ് ചെയ്യുന്നത്. നബാർഡിന്റെ നിർദ്ദേശപ്രകാരം ഒരു ബാങ്കിൽതന്നെ പലിശ നിരക്ക് എത്ര കൂടിയാലും റിസ്ക് ഉള്ളതുകൊണ്ട് നിക്ഷേപിക്കാൻ പാടില്ലാത്തതാണ്. അതുകൊണ്ടാണ് പഞ്ചാബ് നാഷണൽ ബാങ്കിലും മറ്റ് ബാങ്കുകളിലുമായി മിച്ച ഫണ്ട് നിക്ഷേപിച്ചിട്ടുള്ളത്. മാത്രമല്ല ടി നിക്ഷേപങ്ങൾ നടത്തിയതിൽ ബാങ്കിന് യാതൊരു പലിശ നഷ്ടവും വന്നിട്ടില്ല.

## മുഖാമുഖം സഹകാരി ജനസമ്പർക്ക പരിപാടി

91 (4673) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പാലോട് രവി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ മുഖാമുഖം സഹകാരി ജനസമ്പർക്ക പരിപാടി നടത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ആരെല്ലാമാണ് സഹകരിച്ചത് ; വിശദമാക്കുമോ ;

(ഡി) ഇതുവഴി സഹകരണമേഖല എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്?

### ഉത്തരം

(എ) സഹകാരി സമ്പർക്ക പരിപാടി മുഖാമുഖം-2013 എല്ലാ ജില്ലകളിലും നടത്തിയിട്ടുണ്ട്.

(ബി) സഹകരണ മേഖലയും സഹകരണ സംഘങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുക, സഹകരണ മേഖലയുടെ വികസനത്തിന് ഉതകുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുക, സഹകരണ വകുപ്പും സഹകരണ സംഘങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുക, സഹകാരികൾക്ക് അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള വേദി ഒരുക്കുക എന്നിവയാണ് സഹകാരി ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly